ലഹരിക്കെതിരെ ബോധവൽക്കരണ ക്യാമ്പയിനുമായി റൂറൽ ജില്ലാ പോലീസ്. ഇതിന്റെ ഭാഗമായി 11ന് സൈക്കിൾ റാലി, ക്രിക്കറ്റ് ടൂർണ്ണമെൻറ് എന്നിവ നടത്തും. ജില്ലാ പോലീസ് മേധാവി ഡോ:വൈഭവ് സക്സേനയുടെ നേതൃത്വത്തിൽ ജില്ലയിലെ പ്രമുഖ സൈക്കിൾ ക്ലബുകളെ പങ്കെടുപ്പിച്ച് കൊണ്ടുള്ള സൈക്കിൾ റാലി രാവിലെ 7ന് ആലുവ ട്രാഫിക്ക് സ്റ്റേഷന് മുമ്പിൽ നിന്നും ആരംഭിച്ച് നെടുമ്പാശേരി പോലീസ് സ്റ്റേഷനിൽ സമാപിക്കും. സമാപന ചടങ്ങിൽ വിദ്യാർത്ഥികൾക്ക് സൈക്കിൾ സമ്മാനിക്കും. വൈകീട്ട് 4ന് തുരുത്ത് ഗോട്ട് ക്ലബ്ബ് ടർഫിൽ നടക്കുന്ന ക്രിക്കറ്റ് മത്സരത്തിൽ ഐ.എം.എ ആലുവ, ആദിശങ്കര എഞ്ചിനീയറിംഗ് കോളേജ് കാലടി, മീഡിയാ ക്ലബ്ബ് ആലുവ, റൂറൽ പോലീസ് തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് സമ്മാനദാനം.